"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിൽ 2006-07 - ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ തിരികെ അടയ്ക്കാൻ നിർദ്ദേശിച്ചിരുന്ന, ശ്രീ കോട്ടേക്കാട്ട് മുഹമ്മദിന്റെ ബാദ്ധ്യത തുകയായ 15,000/- രൂപ തിരിച്ചടക്കുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.2298/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 10/09/2013

പരാമർശം:- 1) കണ്ണമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 23/08/2011-ലെ എ 1-429/2011 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 21/11/2011-ലെ LF-PT3/19688/2011 നമ്പർ കത്ത്.

3) മലപ്പുറം അസിസ്റ്റന്റ് പഞ്ചായത്ത് ഡയറക്ടറുടെ 01/02/2013-ലെ എ 3-26745/11 നമ്പർ കത്ത്.

4) കണ്ണമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04/07/2013-ലെ എ 1-409/11 നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.23 പ്രകാരം ശ്രീ. കോട്ടേക്കാട്ട് മുഹമ്മദ് ഭവന നിർമ്മാണത്തിനായി കൈപ്പറ്റിയ 15,000/- രൂപ തിരിച്ചടക്കുവാൻ നിർദ്ദേശിച്ചിരുന്നു.

2001-02 വർഷത്തെ ഭവന നിർമ്മാണ പദ്ധതിയിൽ ഒന്നാം ഗഡു ധനസഹായമായി ശ്രീ. കോട്ടേക്കാട്ട് മുഹമ്മദിന് അനുവദിച്ചിരുന്ന 15,000/- രൂപ, വീടിന്റെ പണി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ 2006-07 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ തുക തിരിച്ചടയ്ക്കുന്നതിന് നിർദ്ദേശം നൽകിയെങ്കിലും ധനസ്ഥിതി വളരെ മോശമായ സാഹചര്യത്തിൽ സ്ഥലം വിൽക്കേണ്ടി വന്നുവെന്നും കുടുംബം നിത്യജീവിതത്തിനായി വളരെ പ്രയാസപ്പെടുകയാണെന്നും ആയതിനാൽ ടിയാനെ 15,000/- രൂപ അടവാക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും കണ്ണമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു. ശ്രീ. കോട്ടേക്കാട്ട് മുഹമ്മദിനെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നതിനും പണം

എഴുതിത്തള്ളുന്നതിനും അപേക്ഷ സമർപ്പിക്കുവാൻ തീരുമാനിച്ചുകൊണ്ടുള്ള, കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 7(20) നമ്പർ തീരുമാനവും കോട്ടേക്കാട്ട് മുഹമ്മദിന്റെ അപേക്ഷയും ഓഡിറ്റ് ഖണ്ഡികയുടെ പ്രസക്ത ഭാഗവും ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ പരാമർശം (1)-ലെ കത്തിൽ ഉള്ളടക്കം ചെയ്തിരുന്നു.

ഭവന നിർമ്മാണത്തിനനുവദിച്ച 15,000/- രൂപ കൈപ്പറ്റിയ ശേഷം സാമ്പത്തിക ബുദ്ധിമുട്ട് മൂലം പ്രസ്തുത സ്ഥലം വിറ്റുവെന്നും, സർക്കാർ, നിബന്ധനകളോടെ നൽകിയ തുക അടവാക്കുന്നതിൽ നിന്നും തന്നെ ഒഴിവാക്കണമെന്നുമുള്ള ഗുണഭോക്താവിന്റെ ആവശ്യം ന്യായീകരിക്കത്തക്കതല്ലെങ്കിലും ടിയാന്റെ ദൈന്യത പഞ്ചായത്തിന് ബോദ്ധ്യമാവുന്ന പക്ഷം ഇക്കാര്യത്തിൽ മാനുഷിക പരിഗണന നൽകി ടിയാനെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നതിൽ തെറ്റില്ലെന്ന് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 3 പ്രകാരം മലപ്പുറം അസിസ്റ്റന്റ് പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ, ശ്രീ. കോട്ടേക്കാട്ട് മുഹമ്മദ് 2005 മാർച്ച് 15-ാം തീയതി തിരൂരങ്ങാടി സബ് രജിസ്ട്രാർ ഓഫീസിലെ 1113/05 നമ്പർ ആധാര പ്രകാരം തെങ്ങിലാൽ ഇബ്രാഹിം, S/o. മൊയ്തീൻ എന്നയാൾക്ക് വില്പന നടത്തിയതായി ബോദ്ധ്യപ്പെട്ടെന്ന് അറിയിച്ചിട്ടുണ്ട്. 25,000/- രൂപ അടങ്കൽ തുകയുള്ള ദുർബല വിഭാഗങ്ങൾക്കുള്ള ധനസഹായത്തിന്റെ 60% പരാതിക്കാരൻ കൈപ്പറ്റിയിട്ടുണ്ടെന്നും ദുർബല വിഭാഗങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി ധനസഹായം നൽകുന്നത് അവർ അത് അർഹിക്കുന്നതുകൊണ്ടാണെന്നും സാമ്പത്തിക സഹായം കൈപ്പറ്റി അതിനായി ചെലവഴിക്കാതെ സ്ഥലം കൈമാറ്റം ചെയ്യുന്നത് നിയമവിരുദ്ധമാണെങ്കിലും, ടിയാൻ 2005 മാർച്ച് മാസത്തിൽ പ്രസ്തുത വീട് കൈമാറ്റം ചെയ്തിട്ടുള്ളതിനാലും മറ്റ് നടപടികളിലൂടെ തുക ഈടാക്കുന്നതിന് സാധിക്കാത്ത അവസ്ഥയിലാണ് ഉള്ളതെന്നതിനാലും 2001-02 വർഷം എടുത്ത പ്രസ്തുത തുക എഴുതിത്തള്ളുന്നതാണ് അഭികാമ്യമെന്ന് കരുതുന്നതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

2001-02 വർഷത്തെ ആസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ആനുകൂല്യത്തിന്റെ ഒന്നാം ഗഡു 15,000/- രൂപ അനുവദിച്ച ശ്രീ. കോട്ടേക്കാട്ട് മുഹമ്മദ് എന്നവർ ഒന്നാംഗഡു ആനുകൂല്യം വിനിയോഗിച്ച് ഭവന നിർമ്മാണ പ്രാഥമിക ഘട്ടം പ്രവൃത്തികൾ നടത്തിയെങ്കിലും നിത്യരോഗിയായിരുന്ന ടിയാന് രോഗം മൂർച്ഛിച്ചത് കാരണം കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനോ തുടർ ഗഡുക്കൾ കൈപ്പറ്റുന്നതിനോ കഴിഞ്ഞില്ലെന്നും രോഗം മൂലം കടബാദ്ധ്യത പെരുകിയ ടിയാൻ ടി സ്ഥലം വിറ്റു പോയിട്ടുള്ളതായും ശ്രീ. കോട്ടേക്കാട്ട് മുഹമ്മദിന്റെ 5 അംഗ കുടുംബവും സഹോദരന്റെ കുടുംബവും ഉൾപ്പെടെ 13 അംഗ കുടുംബം നിലവിൽ ടിയാളുടെ പിതാവിന്റെ പേരിലുള്ള 7 സെന്റ് വസ്തുവിലെ ചെറിയ വീട്ടിലാണ് താമസമെന്നും നേരിട്ട് അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടതായി പരാമർശം 4 പ്രകാരം കണ്ണമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കോട്ടേക്കാട്ട് മുഹമ്മദിനെ 15,000/- രൂപ (പതിനയ്യായിരം രൂപ മാത്രം) തിരികെ അടയ്ക്കുന്നതിനുള്ള ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ജവഹറാബീവി,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി/പ്രസിഡന്റ്, കണ്ണമംഗലം ഗ്രാമപഞ്ചായത്ത്, മലപ്പുറം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ